(ബി) ഉല്പാദന ബോണസ് പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ; പദ്ധതിക്ക് ഭരണാനുമതി നൽകിയത് എപ്പോഴാണെന്ന് വ്യക്തമാക്കുമോ ;

(സി) ബഡ്ജറ്റിൽ വകയിരുത്തിയ തുകയിൽ നിന്ന് എത്ര ശതമാനം തുക ഇതിനകം ഉല്പാദന ബോണസായി നൽകുകയുണ്ടായെന്ന് വ്യക്തമാക്കുമോ ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) :

(എ) മത്സ്യത്തൊഴിലാളികൾക്ക് ഉൽപ്പാദന വർദ്ധനവിനും വരുമാന വർദ്ധനവിനുമായി ഉല്പ്പാദന ബോണസ് അനുവദിക്കുവാനുള്ള ഒരു പുതിയ പദ്ധതി നടപ്പിലാക്കുന്നതിനായി 2 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതി ഇപ്പോൾ നടപ്പിലാക്കി തുടങ്ങിയിട്ടില്ല.

(ബി) മത്സ്യോൽപ്പാദന വർദ്ധനവിനും വരുമാന വർദ്ധനവിനുമായി മത്സ്യത്തൊഴിലാളികൾക്ക് ഉൽപ്പാദന ബോണസ് നൽകുന്നത് സംബന്ധിച്ച് മത്സ്യഫെഡ് തയ്യാറാക്കിയ പ്രോജക്ട് റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരികയാണ്. ആയതിന്മേൽ അന്തിമ തീരുമാനം ആയശേഷം ഭരണാനുമതി നൽകുന്നതും പദ്ധതി പ്രാവർത്തികമാക്കുന്നതുമാണ്.

(സി) പദ്ധതി നടപ്പിലാക്കി തുടങ്ങിയിട്ടില്ലാത്തതിനാൽ ഉൽപ്പാദന ബോണസ് നൽകി തുടങ്ങിയിട്ടില്ല.

മത്സ്യം ഗുണമേന്മ നഷ്ടപ്പെടാതെ ലഭ്യമാക്കുന്ന പദ്ധതി

10 (*730) ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടലിൽ നിന്നും കരയിലെത്തിക്കുന്ന മത്സ്യം ഗുണമേന്മ നഷ്ടപ്പെടാതെ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിന് തദ്ദേശസ്ഥാപനങ്ങൾവഴി മത്സ്യഫെഡ് നടപ്പാക്കുമെന്ന് പ്രഖ്യാപിച്ച പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ ;

(ബി) ഇതിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുകയിൽ എത്ര ശതമാനം ചെലവഴിക്കുകയുണ്ടായി ;

(സി) മത്സ്യഫെഡിന് തുക കൈമാറിയിട്ടുണ്ടോ ;

(ഡി) എല്ലാ തദ്ദേശസ്ഥാപനങ്ങളിലും മത്സ്യവിപണന ശാലകൾ സ്ഥാപിക്കുന്നതിന് മൊത്തം എന്തു തുക ചെലവ് പ്രതീക്ഷിക്കുന്നു ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) :

LIBRARY ARCHIVES Kerala Legislative Assembly

(എ&ബി) കടലിൽ നിന്നും കരയിലെത്തിക്കുന്ന മത്സ്യം ഗുണമേന്മ നഷ്ടപ്പെടാതെ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിന് പ്രഖ്യാപിച്ച പദ്ധതി ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിയുടെ ബഡ്ജറ്റ് പ്രസംഗത്തിലൂടെയാണ് പ്രഖ്യാപിച്ചത്. നിലവിൽ ബഡ്ജറ്റ് ശീർഷകം ഇല്ലാത്തതിനാൽ പുതിയ നടപടിക്രമം പാലിച്ച് ബഡ്ജറ്റ് ശീർഷകം അനുവദിക്കുന്നതിന് പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. ബഡ്ജറ്റ് ശീർഷകം അനുവദിക്കുന്ന മുറയ്ക്ക് മാത്രമേ തുക അനുവദിക്കുവാനും ചെലവഴിക്കാനും കഴിയുകയുള്ളൂ. പദ്ധതിയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) മത്സ്യഫെഡിന് തുക കൈമാറിയിട്ടില്ല.

(ഡി) ഈ പദ്ധതിക്കായി 30 കോടി രൂപയുടെ ചെലവാണ് പ്രതീക്ഷിക്കുന്നത്.

കൃഷിനാശം സംബന്ധിച്ച് മനുഷ്യാവകാശ കമ്മീഷന്റെ നിർദ്ദേശം

11 (*731) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷിനാശമുൾപ്പെടെ ആക്രമണമുണ്ടാക്കുന്ന മൃഗങ്ങളെ കൊല്ലാൻ കർഷകർക്ക് അനുമതി നല്കണമെന്ന മനുഷ്യാവകാശ കമ്മീഷന്റെ അഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്മേലുള്ള സർക്കാരിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതു സംബന്ധിച്ച് മനുഷ്യാവകാശ കമ്മീഷനിൽ നിന്നും പൊതുവെ ഉണ്ടായിട്ടുള്ള നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ എച്ച്.ആർ.എം.പി. നമ്പർ 7945/2013 എന്ന പരാതിയിൽ 22-4-2014-ൽ പുറപ്പെടുവിച്ച ഉത്തരവിലെ പരാമർശങ്ങളും, നിർദ്ദേശങ്ങളും കേന്ദ്ര നിയമമായ 1972-ലെ വന്യജീവി (സംരക്ഷണ) നിയമത്തിന് വിരുദ്ധമാണെന്ന് കാണുന്നു.

(ബി) ക്രമത്തിലധികം പെറ്റുപെരുകുന്ന കാട്ടുപന്നികളുടെ ആധിക്യം കൊണ്ട് വനത്തിൽ അതിനാവശ്യമായ ആഹാരം ലഭിക്കാത്തതിനാൽ അവ കൃഷിഭൂമിയിൽ സൈര്യവിഹാരം നടത്തുകയാണ്. വനത്തിൽ കയറി മൃഗങ്ങളെ കൊല്ലുന്നത് നിരോധിക്കേണ്ടതും അത്തരം പ്രവർത്തികൾ ചെയ്യുന്നവരുടെ പേരിൽ നടപടികൾ എടുക്കേണ്ടതിനുമൊപ്പം കൃഷി സ്ഥലങ്ങളിൽ കയറി ആക്രമണമുണ്ടാക്കുന്ന മൃഗങ്ങളെ കൊല്ലാൻ കർഷകർക്ക് അനുമതി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly